## സബ്മിഷൻസ്

### (1) അപമര്യാദയായ പെരുമാറ്റം

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, 2012 ജൂലൈ മാസം 25-ന് നെടുങ്കണ്ടത്ത് സ്വകാര്യലാബ് നടത്തുന്ന ഷാനവാസ്ഖാൻ എന്ന ആൾ നടുവേദനയ്ക്ക് എക്സ്റേ എടുക്കാൻ ചെന്ന വീട്ടമ്മയോട് അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച് നെടുങ്കണ്ടം പോലീസ് ഒരു കേസ്സെടുത്തിരുന്നു. ആ കേസ് ഇപ്പോൾ വിസ്താരവേളയിലാണ്. ആഭ്യന്തരവകുപ്പ് ഈ കേസ് പിൻവലിക്കുന്നതിന് തയ്യാറാണ് എന്നു പറഞ്ഞ് കളക്ടർക്ക് ഒരു കത്ത് കൊടുക്കുകയും കളക്ടർ ഈ കത്ത് പ്രോസിക്യൂട്ടർക്ക് കൈമാറിയിട്ടുള്ളതുമായിട്ടാണ് മനസ്സിലാക്കുന്നത്. നിലവിലുള്ള നിയമം അനുസരിച്ചുതന്നെ അങ്ങനെ ചെയ്യാൻ കഴിയുന്നതല്ല. ഇത് പുന:പരിശോധിക്കണം. അവർക്ക് നീതി ലഭിക്കാനുള്ള നടപടി ഉണ്ടാകണം എന്നുള്ളതാണ് എന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം.

### അപമര്യാദയായ പെരുമാറ്റം

<u>**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :**</u> സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊള്ളുന്നു. കത്തൊക്കെ പോയിട്ടുള്ളതാണ്. അതേസമയം ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽനടപടി ഏതു രൂപത്തിൽ നിയമപരമായി എടുക്കാൻ പറ്റുമെന്ന് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, കേസ് പിൻവലിക്കണമെന്ന് പറഞ്ഞത് പുന:പരിശോധിക്കുമോ എന്നാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, സമയക്കുറവ് ഉണ്ടെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വിശാലമായി ഞാൻ പറഞ്ഞില്ലെന്നേയുള്ളു. ഞാൻ പറഞ്ഞു എന്നു പറഞ്ഞാൽ ഒറ്റ വാചകത്തിൽ മാത്രമല്ല, അങ്ങ് ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ നിയമപരമായി എന്ത് ചെയ്യാൻ പറ്റുമോ എന്ന് ഗവൺമെന്റ് പരിശോധിക്കാവുന്നതാണെന്നാണ് പറഞ്ഞത്.

## <u>വിദ്യാലയങ്ങൾ പ്രവർത്തി ദിവസമാക്കൽ</u>

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : സർ, മുൻകാലങ്ങളിൽ ആഗസ്റ്റ് 15, ജനുവരി 26 തുടങ്ങിയ ദിവസങ്ങളിൽ നമ്മുടെ വിദ്യാർത്ഥികളെല്ലാം സ്കൂളുകളിൽ വന്ന് പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പക്ഷേ, ഇന്നൊരു ഹോളിഡേ മൂഡാണ്. സ്കൂളിൽ ആകെ ഒന്നോ രണ്ടോ ജീവനക്കാർ വന്ന് പതാക ഉയർത്തുന്ന രീതിയിലേക്ക് ആ ചടങ്ങ് ചുരുങ്ങിപ്പോകുകയാണ്. ഇത് വളരെ

ഗൗരവത്തോടുകൂടി നമ്മൾ ആലോചിക്കേണ്ടതാണ്. നിർബന്ധമായും നമ്മുടെ ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പുതിയ തലമുറയിൽ ദേശീയബോധവും ദേശസ്നേഹവും ഊട്ടിവളർത്തുന്നതിനാവശ്യമായ വിധത്തിൽ അത് പുന:ക്രമീകരിക്കേണ്ടതുണ്ട്. ഗവൺമെന്റ് ഇടപെടേണ്ടതുണ്ട്. ആകെ 150 ദിവസമാണ് വർക്കിംഗ് ഡേയ്സ്. അപ്പോൾ മറ്റ് സ്ഥപാനങ്ങളെപ്പോലെയല്ല. വിദ്യാലയങ്ങൾ ഈ ദിവസങ്ങൾ പ്രവർത്തിദിനംപോലെ കൊണ്ടാടുന്നത് നമ്മുടെ രാജ്യസ്നേഹത്തിന് വളരെ ഉത്തമമായിരിക്കും. അതിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

## വിദ്യാലയങ്ങൾ പ്രവർത്തി ദിവസമാക്കൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, ആഗസ്റ്റ് 15-ന് ഇൻഡ്യയുടെ സ്വാതന്ത്ര്യസമരവും ജനുവരി 26-ന് ഇൻഡ്യൻ റിപ്പബ്ലിക് ദിനവുമായി ആഘോഷിച്ചുവരുന്നു. ഈ ദിനങ്ങൾ ദേശീയ അവധിദിനങ്ങളാണെങ്കിലും ഈ ദിവസങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഇൻഡ്യാ മഹാരാജ്യത്തിന്റെ ധീരോദാദ്ധമായ സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ സ്മരണകൾ ഉണർത്തുവാനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും ദേശീയ ബോധവും വിദ്യാർത്ഥികളിൽ നിലനിർത്തുവാനും വളർത്തുവാനും ഈ ദിനങ്ങളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും വിദ്യാലയങ്ങളിൽ എത്തിച്ചേരേണ്ടത് ആവശ്യമാണ്. ഈ ആഘോഷങ്ങളുടെ മോടിയും പകിട്ടും കാത്തുസൂക്ഷിക്കുവാൻ എല്ലാ ഓഫീസ് മേധാവികളും ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഇപ്പോൾ ഈ ദിവസങ്ങളുടെ പ്രാധാന്യം വേണ്ട രീതിയിൽ ഉൾകൊള്ളാതിരി

ക്കുന്നതായിട്ടോ ഈ ദിവസത്തെ മറക്കുന്നതായിട്ടോ സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടില്ല. എങ്കിലും പ്രസ്തുത ആഘോഷദിവസങ്ങൾ കൂടുതൽ ജീവ സ്സുറ്റതാക്കുവാൻ വേണ്ട നിർദ്ദേശം എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവി കൾക്കും തുടർന്നും നൽകുന്നതാണ്. അതേ സമയം ഓഗസ്റ്റ് 15, ജനുവരി 26 എന്നീ ദിവസങ്ങൾ ദേശീയ അവധി ദിവസങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഈ ദിവസങ്ങൾ വിദ്യാലയങ്ങളിൽ പ്രവൃത്തി ദിനങ്ങളാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**<u>ക്ഷേമനിധി പെൻഷൻ</u>**

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, വളരെ തുച്ഛമായ വേതനത്തിൽ സേവനം ചെയ്യുന്ന വിഭാഗമാണ് നമ്മുടെ മദ്രസ അദ്ധ്യാപകർ. അതാത് സ്ഥാപനങ്ങ ളിൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികൾ നൽകുന്ന ആനുകൂല്യങ്ങളല്ലാതെ മറ്റൊരു ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നില്ല. അവകാശങ്ങൾ നേടിയെ ടുക്കുന്നതിനുവേണ്ടി ഇന്നേവരെ ഒരു പ്രക്ഷോഭവും നടത്താത്തവരാണ് ഈ വിഭാഗത്തിൽപ്പെട്ട ആളുകൾ. നമ്മുടെ സംസ്ഥാനത്ത് അസംഘടിതരായ മദ്രസ അദ്ധ്യാപകർക്കും എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷേമനിധികൾ ഏർപ്പെടുത്തിയ നടപടി സ്വാഗതാർഹമാണ്. മിക്ക ക്ഷേമനിധിയിലേയും അംഗങ്ങളെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മദ്രസ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവരെ ഇതുവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവരെ കൂടി സമഗ്ര ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു. നിരവധി ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിച്ചെങ്കിലും ഇന്നും സ്വന്തമായി വീടില്ലാത്തവരാണ് മദ്രസ അദ്ധ്യാപകരിൽ മഹാഭൂരിഭാ

ഗവും. ഇവർക്ക് വീട് നിർമ്മിക്കുന്നതിന് അഞ്ചു ലക്ഷം രൂപയെങ്കിലും പലിശ രഹിത വായ്പയായി നൽകുന്നതിനുവേണ്ടി ഒരു സംവിധാനമുണ്ടാകണം. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാകണമെന്നാണ് നാം ലക്ഷ്യമിടുന്നത്. എന്നാൽ വളരെ കുറഞ്ഞ വരുമാനക്കാരായ മദ്രസ അദ്ധ്യപ കർക്ക് മക്കളെ പഠിപ്പിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുവാൻ സംവിധാനമുണ്ടാക്കണം. അതോടൊപ്പം മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്കെല്ലാം നൽകുന്നതുപോലെ വിവാഹ സഹായം, ചികിത്സാ സഹായം തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും മദ്രസ അദ്ധ്യാപ കർക്കുകൂടി ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് ആവ ശ്യപ്പെടുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള പെൻഷൻ പദ്ധതിയാണ് കേരള മദ്രസ അദ്ധ്യാപക ക്ഷേമനിധി സ്കീം. 20 വയസ്സുമുതൽ 60 വയസ്സുവരെ പ്രായമുള്ളവർക്ക് അംഗങ്ങളാകാവുന്ന പദ്ധതിയിൽ തുടർച്ചയായ അഞ്ചു വർഷമെങ്കിലും അംശാദായം മുടക്കം കൂടാതെ അടച്ച് അംഗത്വം നില നിൽക്കുന്നവർക്ക് ഏറ്റവും കുറഞ്ഞത് പ്രതിമാസം 500 രൂപയും സേവന ദൈർഘ്യമനുസരിച്ച് പരമാവധി പ്രതിമാസം 4981 രൂപയും പെൻഷനായി ലഭ്യമാക്കുന്ന രീതിയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്, അതുപോലെ വിദ്യാഭ്യാസ ആനുകൂല്യം, ഭവന പദ്ധതി, പെൺമക്കളുടെ ആനുകൂല്യം ഇവ കൂടി ഉൾപ്പെടുത്തികൊണ്ട് ഒരു സ്കീം വിപുലീകരിക്കാൻ വിചാരിക്കുന്നുണ്ട്. അതുപോലെ സർക്കാരിന്റെ മറ്റ് ഭവന

പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത ഇതുപോലുള്ള മദ്രസ അദ്ധ്യാപകർക്ക് സ്വന്തമായ ഒരു ഭവനം എന്ന ലക്ഷ്യത്തോടെ വീടൊന്നിന് രണ്ട് ലക്ഷം രൂപ എന്ന നിരക്കിൽ ഒരു പദ്ധതി പരിഗണിച്ചുവരുന്നു.

**കുടിവെള്ളം നിഷേധിക്കൽ**

ശ്രീ. പുരുഷൻ കടലുണ്ടി : സർ, പഞ്ചായത്തുകളുടെ നികുതി വിഹിതത്തിൽ നിന്നായിരുന്നു വൈദ്യുതി ചാർജ് മുമ്പ് നൽകിയിരുന്നത്. കുടിവെള്ള പദ്ധതികൾ ആരംഭിക്കണമെങ്കിൽ പത്ത് ശതമാനം ഗുണഭോക്തൃവിഹിതം അടയ്ക്കണമെന്ന് നിർദ്ദേശമുണ്ട്. പാവപ്പെട്ട കുടുംബങ്ങൾക്ക് ഇത് സാധ്യമല്ല. സാമൂഹ്യനീതി എന്ന പഞ്ചായത്ത്രാജിന്റെ അന്തസ്സത്തയ്ക്ക് നിരക്കാത്ത ഈ നിബന്ധന ഒഴിവാക്കി പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങളെ സഹായിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

**കുടിവെള്ളം നിഷേധിക്കൽ**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, കേരള വാട്ടർ അതോറിറ്റി പാലിച്ചിരുന്ന ചില ഏകഗ്രാമ കുടിവെള്ള സ്കീമുകൾ പ്രവർത്തനക്ഷമമാക്കിയശേഷം തുടർനടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരുന്നു. ഇതിനു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്തിരുന്ന സ്കീമുകളെല്ലാം തുടർനടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പിനെ ഏൽപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. സ്കീമുകൾ ഇപ്രകാരം കൈമാറുന്നതുവരെയുള്ള

നടത്തിപ്പ്, മെയിന്റനൻസ് ചെലവ് തുടങ്ങിയവ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ് വഹിച്ചിരുന്നത്. കൈമാറിയതിനുശേഷമുള്ള നടത്തിപ്പ് ചെലവ് ഇത്തരം സ്കീമുകളിൽ നിന്നും വെള്ളക്കരം ഇനത്തിൽ ലഭിക്കുന്ന തുക വിനിയോഗിച്ച് ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്നും പ്രസ്തുത തുക ചെലവുകൾക്ക് തികയാതെ വരികയാണെങ്കിൽ മാത്രം ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കാൻ പാടുള്ളു എന്നും വ്യ വസ്ഥ ചെയ്തിരുന്നു. അതിൻപ്രകാരം ഗുണഭോക്താക്കളിൽ ഉൾപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ വെള്ളക്കരം അടയ്ക്കേണ്ട തുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭ്യർത്ഥന പരിഗണിച്ച് ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ കഴിയാത്ത പ്രകാരം ദരിദ്രരായ പട്ടിക ജാതി പട്ടിക വർഗ്ഗ ഗുണഭോക്താക്കൾ കൊടുക്കേണ്ട വെള്ളക്കരത്തിന്റെ 25 ശതമാനം ഗുണഭോക്താക്കൾ വഹിക്കണമെന്ന നിബന്ധനയിൽ ബാക്കിവ രുന്ന 75 ശതമാനം തുക പഞ്ചായത്തിന്റെ ഫണ്ടിൽനിന്ന് നൽകുന്നതിനായി പ്രസ്തുത പഞ്ചായത്തുകൾ സർക്കാരിനെ സമീപിക്കുകയാണെങ്കിൽ പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കൂടൽമാണിക്യം ദേവസ്വത്തിന് ഭൂമി പതിച്ച് നൽകൽ**

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇരിങ്ങാലക്കുട കൂടൽമാണിക്യം ദേവസ്വത്തിന് അവകാശപ്പെട്ട സ്ഥലം പതിച്ചു നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രം ഭരത പ്രതിഷ്ഠ യുള്ള ഭാരതത്തിലെ ഏക മഹാക്ഷേത്രമാണ്. ഈ മഹാക്ഷേത്രത്തിന്റെ ദേവസ്വത്തിന് നിരവധിയായിട്ടുള്ള ഭൂസ്വത്തുക്കൾ സ്വന്തമായിട്ടുണ്ടായിരുന്ന

താണ്. ഇതിൽ പലതും അന്യാധീനപ്പെട്ടു പോകുകയുണ്ടായി. അതിൽ പ്രധാനപ്പെട്ട ഒരു സ്ഥലമാണ് ഇരിങ്ങാലക്കുട കച്ചേരിവളപ്പ് എന്നറിയപ്പെടുന്ന 164/1-ൽ പെട്ട ഒരു ഏക്കർ 42 സെന്റ് സ്ഥലം. ഈ സ്ഥലം കൂടൽമാണിക്യ ദേവസ്വത്തിന് അവകാശപ്പെട്ടതാണെന്ന് കാണിക്കുന്ന രേഖകളൊക്കെ തന്നെ ഹാജരാക്കിയിട്ടുണ്ട്. ഈ ആവശ്യം ഉന്നയിച്ച് ഈ സ്ഥലം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവിടെ നിരവധിയായിട്ടുള്ള സാമൂഹ്യ സാംസ്കാരിക സമുദായ സംഘടനകളും രാഷ്ട്രീയ സംഘടനകളുമൊക്കെ വലിയ സമര ത്തിലാണ്. അതുകൊണ്ട് അടിയന്തരമായി ഈ ഭൂമി കൂടൽമാണിക്യ ദേവസ്വ ത്തിന് പതിച്ചു കൊടുക്കേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണം. നിരവധി തവണ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും ആവശ്യപ്പെട്ടതാണ്. അടിയന്തര നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

## കൂടൽമാണിക്യം ദേവസ്വത്തിന് ഭൂമി പതിച്ച് നൽകൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ബഹു മാനപ്പെട്ട അംഗം ശ്രീ. തോമസ് ഉണ്ണിയാടൻ ഈ വിഷയം നിരവധി തവണ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രഭൂമി പതിച്ച് നൽകണമെന്ന അപേക്ഷ സംബന്ധിച്ച് രണ്ട് കേസുകൾ ഹൈക്കോട തിയിൽ നിലനിൽക്കുകയാണ്. ഈ ക്ഷേത്രത്തിന് അവകാശപ്പെട്ട ഭൂമിയാണെന്നാണ് അവർ അപേക്ഷ നൽകിയിരിക്കുന്നത്. ആ കേസ്സുകൾ പിൻവലിക്കുന്ന മുറയ്ക്ക് ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

## ഓരുവെള്ള ഭീഷണി

ശ്രീ. കെ. അജിത്: സർ, മൂവാറ്റുപുഴയാറിൽ നിന്നും ഉപ്പുവെള്ളം കയറി ഏതാണ്ട് അഞ്ചോളം കുടിവെള്ള പദ്ധതികളുടെ ജലവിതരണം അവതാളത്തിലാകാൻ പോകുന്ന വിഷയമാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. എച്ച്.പി.സി ഉൾപ്പെടെയുള്ള വലിയ സ്ഥാപനങ്ങളും പ്രതിസന്ധിയിലാകുകയാണ്. മൂവാറ്റുപുഴയാറിൽനിന്നും ഉപ്പുവള്ളം കയറിയതുമൂലം കൃഷിക്കാർക്ക് വലിയ നഷ്ടം ഉണ്ടായിരിക്കുകയാണ്. കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. താത്കാലികമായി ഓരുമുട്ടുകൾ സ്ഥാപിച്ച് ജലസംരക്ഷണം നടത്തുകയും ദീർഘകാലത്തേയ്ക്ക് ഷട്ടറുകൾ സ്ഥാപിച്ച് സംരക്ഷിക്കുന്നതിനായി ബഡ്ജറ്റിൽ തുക നീക്കിവയ്ക്കുകയും വേണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മത്സ്യത്തൊഴിലാളികളുടെ ആശങ്കകൂടി ഉൾപ്പെടുത്തി പരിഹരിക്കുകയും വേണം.

**ഓരുവെള്ള ഭീഷണി**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, മൂവാറ്റുപുഴയാറിലെ ഓരുവെള്ള ഭീഷണി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂവാറ്റുപുഴയാറിന്റെ വിവിധ കൈവഴികളിൽ ഓരുമുട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ആയതിൻപ്രകാരം പ്രവൃത്തികൾ നടത്തിവരികയും ചെയ്യുകയാണ്. വെട്ടിക്കാട്ടുമുക്കിൽ 140 മീറ്റർ നീളത്തിൽ ഒരു താത്ക്കാലിക ബണ്ട് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പൂത്തോട്ട, ഇത്തിപ്പുഴ, മുറിഞ്ഞപുഴ എന്നീ

സ്ഥലങ്ങളിലും താത്ക്കാലിക ബണ്ടുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

**പൊതുമരാമത്ത് നിർമ്മാണം**

ശ്രീ. സി. കെ. നാണു: സർ, വടകരയിൽ കഴിഞ്ഞ രണ്ട് വർഷമായി പ്രവൃത്തി ആരംഭിച്ച ഒരു റോഡിന്റെ പണി പൂർത്തിയാക്കാത്തതിന്റെ ഫലമായി ജില്ലാ വികസന സമിതിയിൽ മാസംതോറും സംസാരിച്ചിട്ടും പണി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന്റെ ഫലമായിട്ടാണ് പ്രധാനമായും ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അതുപോലെതന്നെ എം.എൽ.എ ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി വളരെപെട്ടെന്ന് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ വീണ്ടും ചാർജ് വർദ്ധിക്കും. ഇപ്പോൾ 3 കോടിരൂപ അനുവദിച്ച പ്രവൃത്തിക്ക് 40 ലക്ഷം ഉറുപ്പിക കൂടുതലായി വേണ്ടിവന്നിരിക്കുന്നു. ഇത്തരം കാര്യങ്ങൾ വളരെവേഗം അന്വേഷിച്ച് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

**പൊതുമരാമത്ത് നിർമ്മാണം**

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വടകര നിയോജകമണ്ഡലത്തിലെ പൊതു മരാമത്ത് ജോലികളിൽ എന്തെങ്കിലും തടസ്സമോ മന്ദതയോ നേരിടുന്നുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ഒരു അവലോകനയോഗം അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ പ്രത്യേകം വിളിച്ചുകൂട്ടാവുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ജോലികൾ ധനകാര്യ വകുപ്പിന്റേയും ചീഫ് ടെക്നിക്കൽ എക്സാമിനറുടേയും പരിശോധനയ്ക്ക് വിധേയമായിട്ടു മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ.

**നെൽവയൽ നീർത്തട സംരക്ഷണവും നെല്ലുല്പാദനം വർദ്ധിപ്പിക്കലും**

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്ത് നെല്ലുല്പാദനം വളരെ കുറഞ്ഞുവരികയാണ്. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം വന്നിട്ടുപോലും നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും പരിവർത്തനം കൂടിവരികയാണ്. ഈ അടുത്തകാലത്തുവന്ന പുതിയ റിപ്പോർട്ടിൽ 1970-1971- ൽ 8.85 ലക്ഷം ഹെക്ടറിൽ നിന്നും 13.65 ലക്ഷം ടൺ നെല്ല് ഉൽപ്പാദിപ്പിച്ചിരുന്ന സംസ്ഥാനത്ത് 2010-2011-ൽ സംസ്ഥാനത്തെ വയലെന്ന് പറയാവുന്ന ഭൂമി നാലിലൊരു ഭാഗമായി ചുരുങ്ങി 2.13 ലക്ഷം ഹെക്ടർ മാത്രമായി. ഉത്പാദനം 5.22 ലക്ഷം ടണ്ണായി കുറയുകയും ചെയ്തു. ഭയാനകമായ രീതിയിൽ നെല്ലുല്പാദനം കുറഞ്ഞുവരികയാണ്. അതുകൊണ്ട് നെൽകൃഷിക്കാരെ പ്രോത്സാഹിപ്പിക്കാൻവേണ്ടി കൂട്ടുകൃഷി സംവിധാന

ത്തിനും പാടശേഖര സമിതികൾ നടത്തുന്ന നെൽകൃഷികൾക്കും കൂടുതൽ സബ്സിഡിയും സഹായവും നൽകി നിലവിലുള്ള നെൽവയലുകളിൽ നെൽകൃഷി ചെയ്യാൻ അടിയന്തരമായി ഇടപെടണം. ഇല്ലെങ്കിൽ മലയാളി യുടെ മുഖ്യാഹാരമായ അരി ലഭിക്കാത്ത സാഹചര്യമുണ്ടാകും. ഇപ്പോൾ ത്തന്നെ നമ്മൾ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. ഇക്കാര്യത്തിൽ കൃഷി വകുപ്പിന്റെ അടിയന്തരമായ ഇടപെടൽ അനിവാര്യമാണ്.

**നെൽവയൽ നീർത്തട സംരക്ഷണവും നെല്ലുത്പാദനം വർദ്ധിപ്പിക്കലും**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കൂട്ടുകൃ ഷിക്ക് കൂടുതൽ പരിഗണന കൊടുക്കുന്നുണ്ട്. ഏകദേശം 27 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ തരിശ്രഹിത പഞ്ചായത്താക്കാൻ വേണ്ടി തരിശുഭൂമികളിൽ മുഴുവൻ കൃഷി ചെയ്യാൻ വേണ്ടിയുള്ള നടപടി കൾകൂടി ആരംഭിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം മുൻകയ്യെടുത്ത് 25 പേരുടെ സംഘം ഉണ്ടാക്കി ഏകദേശം 300 ഏക്കർ പാടത്ത് നെൽകൃഷി നടത്തിവരുന്നുണ്ട്. ഇത് മാതൃകയാക്കാൻ മറ്റുള്ളവർകൂടി തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പംതന്നെ നെൽവ യൽ മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെടുന്നത് തടയാനായി 1967-ലെ ലാന്റ് യൂട്ടി ലൈസേഷൻ ആക്ട് പ്രാബല്യത്തിലുണ്ട്. ഇതനുസരിച്ച് മൂന്നോ അതിൽ കൂടുതലോ വർഷങ്ങളായി നെൽപ്പാടങ്ങൾ കൃഷി ചെയ്യാതിരുന്നുവെന്ന് കള ക്ടർക്ക് ബോധ്യപ്പെട്ടാൽ പ്രസ്തുത സ്ഥലം പാടശേഖര സമിതികളെയോ വ്യക്തികളെയോ ചുമതലപ്പെടുത്തി നെൽകൃഷി ചെയ്യിക്കുന്നതിനുള്ള നട

പടി ആരംഭിച്ചിരിക്കുകയാണ്. നിലവിലുള്ള നിയമമനുസരിച്ച് നെൽവയലുകൾ അനധികൃതമായി പരിവർത്തനപ്പെടുത്തിയാൽ അക്കാര്യം റവന്യൂ വകുപ്പിനെ അറിയിക്കുകയും റവന്യൂ വകുപ്പ് അതിന്മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**റീട്ടെയിൽ ഔട്ട്ലെറ്റ് മാറ്റേണ്ടതിന്റെ ആവശ്യകത**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, തൃക്കരിപ്പൂർ മണ്ഡലത്തിൽ പീലിക്കോട് ഹയർ സെക്കണ്ടറി സ്കൂളിന് സമീപത്തുള്ള ബിവറേജസ് കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട്ലെറ്റ് മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ 38 ദിവസമായി ആ പഞ്ചായത്തിലെ കക്ഷി-രാഷ്ട്രീയ ജാതി-മത ഭേദമന്യേ മുഴുവൻ ജനങ്ങളും സമരത്തിലാണ്. അടിയന്തരമായി ഔട്ട്ലെറ്റ് മാറ്റാൻവേണ്ട നടപടികൾ സ്വീകരിക്കണം. ആ പഞ്ചായത്തിൽ ഒരിടത്തും ഈ ഔട്ട്ലെറ്റ് നടത്താൻ അനുവദിക്കില്ല എന്നാണ് ജനങ്ങൾ പറയുന്നത്. 'മദ്യവിമുക്ത കേരളം' എന്നതാണല്ലോ നമ്മുടെ മുദ്രാവാക്യം.

**റീട്ടെയിൽ ഔട്ട്ലെറ്റ് മാറ്റേണ്ടതിന്റെ ആവശ്യകത**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പീലിക്കോട് വിദേശ മദ്യ വില്പനശാല 2003 മുതൽ അവിടെ പ്രവർത്തിച്ചുവരികയാണ്. ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശമനുസരിച്ച് 31-12-12-ൽ അത് പ്രവർത്തിച്ചിരുന്ന സ്ഥലത്തുനിന്നും 20 മീറ്റർ ദൂരത്തിൽ മാറ്റി സ്ഥാപിച്ചു. നിയമാനുസൃതമുള്ള ദൂരപരിധിയെല്ലാം നോക്കിയതിനുശേഷമാണ് ഇത് പ്രവർത്തിക്കുന്നത്. 63 ലക്ഷംരൂപ കിസ്ത് അടച്ചാണ് ഇത്

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അനുയോജ്യമായ സ്ഥലം വേറെ ലഭിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്നുള്ള വ്യവസ്ഥ നിലവിലുള്ളതിനാൽ അനുമതി ലഭിക്കുകയും ചെയ്താൽ ഈ ഔട്ട്‌ലെറ്റ് മാറ്റിസ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കും.

**മാതൃകാ മത്സ്യഗ്രാമം**

ശ്രീ. റ്റി. വി. രാജേഷ്: സർ, പുതിയങ്ങാടി മാതൃകാ മത്സ്യഗ്രാമമായി പ്രഖ്യാപിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച 25 മത്സ്യ ഗ്രാമങ്ങളിൽ ഒന്നായിരുന്നു പുതിയങ്ങാടി. എന്നാൽ യു.ഡി.എഫ് സർക്കാർ പുതിയങ്ങാടിയെ ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇവിടെ 500 മത്സ്യത്തൊഴിലാളി കുടുംബങ്ങളും 650-ഓളം സജീവ മത്സ്യത്തൊഴിലാളികളുമുണ്ട്. കേരളത്തിലെ പൊതുമേഖലയിലെ ആദ്യത്തെ ഐസ് പ്ലാന്റ് പുതിയങ്ങാടിയിലാണ് സ്ഥാപിച്ചിരിക്കുന്നത്. പുതിയങ്ങാടിയെ മാതൃകാ മത്സ്യ ഗ്രാമമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

**മാതൃകാ മത്സ്യഗ്രാമം**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പതിനൊന്ന് പഞ്ചായത്തുകളിലെ 32 മത്സ്യ ഗ്രാമങ്ങളെയാണ് മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതനുസരിച്ച് കണ്ണൂർ ജില്ലയിലെ അഴീക്കൽ മാതൃകാ മത്സ്യഗ്രാമമായി ഏറ്റെടുത്തിട്ടുണ്ട്. 25 മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി ഓരോ ഗ്രാമത്തിനും 2 കോടിരൂപ വീതം സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുമുണ്ട്.

ചാലിൽഗോപാലപ്പെട്ട ഗ്രാമത്തിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയങ്ങാടി പോലുള്ള മറ്റ് മത്സ്യഗ്രാമങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഭാവിയിൽ പരിശോധിക്കുന്നതാണ്. ഒരുകാര്യം കൂടി ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനവധി ഗ്രാമങ്ങളുടെ പേര് അയച്ചുവെങ്കിലും വ്യക്തമായ ഒരു തീരുമാനമെടുത്തിരുന്നില്ല.